(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു; വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വീണ്ടും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സ്വയം പര്യാപ്തമല്ല. പത്താം പദ്ധതിക്കാലത്ത് 440.35 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 161 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. കേന്ദ്ര പൂളിൽ നിന്നും 470 മെഗാവാട്ട് പത്താം പദ്ധതിക്കാലത്ത് ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രണ്ടുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. 10-8-2001 മുതൽ 25%-ഉം 1-10-2002 മുതൽ ഏകദേശം 20% എന്ന നിരക്കിലായിരുന്നു വർദ്ധനവ്.

(സി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്. 2004-05 വർഷത്തെ സംബന്ധിച്ച് വൈദ്യുതി ബോർഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ കമ്മീഷന്റെ പരിശോധനയിലാണ്. കമ്മീഷന്റെ തീരുമാനത്തിനനുസൃതമായി മാത്രമേ വൈദ്യുതി നിരക്കുകളിൽ മാറ്റം വരുത്തണമോയെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളു.

വൈദ്യുതി ഉല്പാദന സ്ഥാപിത ശേഷി

125 [866] ഡോ. തോമസ് ഐസക്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതുതായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സ്ഥാപിത ശേഷി വർദ്ധന ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ എത്ര മെഗാവാട്ടിന്റേതാണ്;

(ബി) ലക്ഷ്യമിട്ട പദ്ധതികളെ സംബന്ധിച്ച് വിശദമാക്കാമോ; ഈ സർക്കാർ ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുകയുണ്ടായി; അവ ഏതൊക്കെ പദ്ധതികളിലൂടെയാണ്;

(സി) വൈദ്യുതി ഉപഭോഗം ഏറ്റവും അധികമുള്ള സമയത്ത് സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ആവശ്യകത എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിൽ സംസ്ഥാനത്തുള്ള സ്വന്തം പദ്ധതികളിൽ നിന്ന് മാത്രമായി എന്തു വിഹിതം ഇപ്പോൾ ലഭ്യമാണ്;

(ഇ) സംസ്ഥാനത്ത് വീണ്ടും ലോഡ് ഷെഡിംഗ് പ്രഖ്യാപിക്കേണ്ടിവന്ന സാഹചര്യം എന്തായിരുന്നു?

ഉത്തരം

(എ) ഉണ്ട്. പത്താം പദ്ധതി കാലയളവിൽ (2002-2007) 440.35 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാനും സ്വകാര്യ പങ്കാളിത്തത്തിൽ 161 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) പത്താം പദ്ധതിക്കാലത്ത് (2002-07) പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ ഇവയാണ്:

| | പദ്ധതി | സ്ഥാപിതശേഷി (മെഗാവാട്ടിൽ) |
|---|---|---|
| 1. | ആതിരപ്പള്ളി | 163 |
| 2. | ബാരാപ്പോൾ | 21 |
| 3. | ഭൂതത്താൻ കെട്ട് | 16 |
| 4. | ചെമ്പുകടവ് 1 & 2 | 6.45 |
| 5. | കാരിക്കയം | 15 |
| 6. | കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ | 100 |
| 7. | കുറ്റിയാടി ഓഗ്മെന്റേഷൻ (223 m.u.) | .. |
| 8. | കുറ്റിയാടി ടെയിൽ റേസ് | 3.75 |
| 9. | കുറ്റിയാടി ഡൈവേർഷൻ (37 m.u.) | .. |
| 10. | ലോവർ മീൻമുട്ടി | 3.5 |
| 11. | മലങ്കര | 10.5 |
| 12. | മീൻവല്ലം | 3 |
| 13. | നേര്യമംഗലം എക്സ്റ്റൻഷൻ | 25 |
| 14. | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 |
| 15. | ഉള്ളുങ്കൽ | 7 |
| 16. | വടക്കെപുഴ ഡൈവേർഷൻ (12 m.u.) | .. |
| 17. | വഴിക്കടവ് ഡൈവേർഷൻ (24 m.u.) | .. |
| 18. | ഉറുമി 1 & 2 | 6.15 |
| | | 440.35 |

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞവ കൂടാതെയുള്ള ചെറുകിട വൈദ്യുത പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. † ഈ സർക്കാർ ഇതിനകം താഴെപ്പറയുന്ന പദ്ധതികളുടെ സ്ഥാപിതശേഷി 36.1 മെഗാവാട്ടായി വർദ്ധിപ്പിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| 1. | കുത്തുങ്കൽ (പ്രൈവറ്റ്) | 21 | മെഗാവാട്ട് |
| 2. | മലമ്പുഴ | 2 .5 | ,, |
| 3. | ചെമ്പുകടവ് I | 2 .7 | ,, |
| 4. | ചെമ്പുകടവ് II | 3.75 | ,, |
| 5. | ഉറുമി I | 3.75 | ,, |
| 6. | ഉറുമി II. | 2.40 | ,, |
| | | 36 .10 | ,, |

(സി) 2200 മെഗാവാട്ട്.

(ഡി) 1437 മെഗാവാട്ട്.

(ഇ) മഴയുടെ ദൗർലഭ്യം കാരണം ജലവൈദ്യുതി ഉല്പാദനം കുറഞ്ഞതിനാൽ ഏർപ്പെടുത്തിയ ലോഡ് ഷെഡിംഗ് ഇപ്പോഴും തുടർന്നുവരുന്നു.

## സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനങ്ങൾ

126 [867] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ കമ്മീഷൻ ഇതിനകം ഏറ്റെടുത്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

† അനുബന്ധം XIV.

LIBRARY ARCHIVES Kerala Legislative Assembly

പ്രസരണം

| | | |
|---|---|---|
| 220 KV സബ്സ്റ്റേഷൻ | .. | 1 എണ്ണം |
| 110 KV സബ്സ്റ്റേഷൻ | .. | 4 എണ്ണം |
| 66 KV സബ്സ്റ്റേഷൻ | .. | 2 എണ്ണം |
| 33 KV സബ്സ്റ്റേഷൻ | .. | 7 എണ്ണം |
| 220 KV ലൈൻ | .. | 4.26 Km. |
| 110 KV ലൈൻ | .. | 41.525 Km. |
| 33 KV ലൈൻ | .. | 94.768 Km. |

വിതരണം

| | | |
|---|---|---|
| സർവ്വീസ് കണക്ഷൻ | . . | 2,79,830 |
| 11 KV ലൈൻ | .. | 411.136 Km. |
| LT ലൈൻ | .. | 3038.281 Km. |
| ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ | .. | 630 |
| സ്ട്രീറ്റ് ലൈറ്റ് | .. | 20734 |

അനുബന്ധം XIV

[29-1-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 125 (866) ദയവായി കാണുക.]

ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ജില്ല | സ്ഥാപിതശേഷി (മെഗാവാട്ട്) | വാർഷിക ഊർജ്ജ ഉത്പ്പാദനം (MU) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | പാറക്കടവ് | കോട്ടയം | 10 | 21.58 |
| 2 | പാൽച്ചുരം | വയനാട് | 3.50 | 8.66 |
| 3 | കല്ലടത്തോണി | കൊല്ലം | 3.50 | 9.50 |
| 4 | അടയ്ക്കാത്തോട് | കണ്ണൂർ | 2.50 | 7.70 |
| 5 | കൊക്കമുല്ല് | കണ്ണൂർ | 2.00 | 4.80 |
| 6 | ഒനിപ്പുഴ | കോഴിക്കോട് | 1.50 | 3.16 |
| 7 | മുണ്ടക്കയം | കോട്ടയം/ഇടുക്കി | 1.25 | 3.08 |
| 8 | ചാത്തമല | കണ്ണൂർ | 1.00 | 2.08 |
| 9 | പാലക്കുഴി | പാലക്കാട് | 1.00 | 2.14 |
| 10 | ആലംപാറത്തോട് | കോഴിക്കോട് | 3.00 | 6.46 |
| 11 | പേരുവ | കണ്ണൂർ | 2.00 | 5.00 |
| 12 | തൂവലാർ | ഇടുക്കി | 4.00 | 11.24 |
| 13 | ആറ്റില | പാലക്കാട് | 6.00 | 22.31 |
| 14 | അപ്പർ വട്ടപ്പാറ | പാലക്കാട് | 3.00 | 6.91 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15 | തിരുനെല്ലി | വയനാട് | 1.20 | 2.60 |
| 16 | മാടത്തരുവി | പത്തനംതിട്ട | 1.00 | 2.00 |
| 17 | മാലോത്തി II | കാസർഗോഡ് | 0.80 | 1.50 |
| 18 | അപ്പർ പൊരിങ്ങൽ | തൃശ്ശൂർ | 7.00 | 19.73 |
| 19 | ലോവർ വട്ടപ്പാറ | പാലക്കാട് | 7.00 | 25.10 |
| 20 | കുറുംപട്ടി | പത്തനംതിട്ട | 3.50 | 17.48 |
| 21 | ഇരുട്ടുകാനം | ഇടുക്കി | 3.00 | 11.00 |
| 22 | കിഷുമം | പത്തനംതിട്ട | 3.00 | 7.78 |
| 23 | മുക്കട്ടത്തോട് | കണ്ണൂർ | 3.00 | 7.00 |
| 24 | മാലോത്തി I | കാസർഗോഡ് | 2.00 | 4.70 |
| 25 | പെരിംപാല | കണ്ണൂർ | 0.80 | 1.94 |
| 26 | കുരിശടി | തിരുവനന്തപുരം | 0.75 | 3.70 |
| 27 | മാലോത്തി III | കാസർഗോഡ് | 0.45 | 0.92 |
| 28 | ഫർലോങ്ങ് കര | കണ്ണൂർ | 0.35 | 1.04 |
| 29 | പിലാച്ചിക്കര | കാസർഗോഡ് | 0.35 | 1.00 |
| 30 | ഓടൻപ്പുഴ | കണ്ണൂർ | 0.30 | 0.98 |
| 31 | കീഴാർകുത്ത് | ഇടുക്കി | 15.00 | 49.80 |
| 32 | ചിറ്റൂർ അപ്പർ | ഇടുക്കി | 6.00 | 14.24 |
| 33 | കുളിരമുട്ടി | കോഴിക്കോട് | 3.00 | 6.58 |
| 34 | ഉരുളിക്കുഴി | എറണാകുളം | 3.00 | 7.82 |
| 35 | തോണിയാർ | എറണാകുളം | 2.60 | 8.40 |
| 36 | തൊമ്മൻകുത്ത് | ഇടുക്കി | 2.50 | 8.35 |
| 37 | ഉറുമ്പിനി | പത്തനംതിട്ട | 2.20 | 10.97 |
| 38 | തൂവൽ | ഇടുക്കി | 1.00 | 3.00 |
| 39 | താന്നിയടി | കാസർഗോഡ് | 0.50 | 1.57 |
| 40 | ഹരിതീർഥക്കര | കണ്ണൂർ | 0.10 | 0.25 |
| 41 | കൈതക്കൊല്ലി ഡൈവേർഷൻ | വയനാട്/കണ്ണൂർ | 10.00 | 25.01 |
| 42 | കാഞ്ഞിരക്കൊല്ലി | കണ്ണൂർ | 5.00 | 11.18 |
| 43 | ഏഴംതല | പത്തനംതിട്ട | 3.50 | 16.47 |
| 44 | മുക്കടവ് | കൊല്ലം | 2.25 | 5.83 |
| 45 | ആനക്കൽ | കോട്ടയം | 2.00 | 8.64 |
| 46 | കഴുത്തുരുട്ടി | കൊല്ലം | 2.00 | .. |
| 47 | മീൻമുട്ടി | വയനാട് | 1.50 | 3.30 |
| 48 | മുത്തപ്പൻപ്പുഴ | കോഴിക്കോട് | 1.50 | 3.59 |
| 49 | ഉരുട്ടിപ്പുഴ | കണ്ണൂർ | 1.00 | 3.43 |
| 50 | ലോവർ മാർമല | കോട്ടയം | 0.90 | 4.20 |
| 51 | കോഴിച്ചാൽ | കണ്ണൂർ | 0.75 | 1.82 |
| 52 | ചെറുവക്കിൻചോല | തൃശ്ശൂർ | 0.74 | .. |
| 53 | അരുവിക്കൽ | എറണാകുളം | 0.50 | 1.36 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 54 | ആനവിലാസം | ഇടുക്കി | 0.30 | .. |
| 55 | ചെമ്പുക്കട്ടി | പാലക്കാട് | 6.50 | 14.32 |
| 56 | കൂടം | പാലക്കാട് | 4.00 | 9.76 |
| 57 | ഈഞ്ചപ്പാറകുത്ത് | ഇടുക്കി | 3.00 | .. |
| 58 | ചെമ്മണ്ണാർ | ഇടുക്കി | 1.00 | 2.62 |
| 59 | കാഞ്ഞപ്പുഴ | ഇടുക്കി | 0.75 | 3.00 |
| 60 | റാൻടംകടവ് | കണ്ണൂർ | 0.50 | 0.99 |
| 61 | അരുവിക്കുഴിപ്പാറ/ മരങ്ങാട്ടുപ്പള്ളി | കോട്ടയം | 0.30 | 1.32 |
| | | മൊത്തം | 161.10 | 430.00 |

അനുബന്ധം XV

[29-1-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 128 (870) ദയവായി കാണുക.]

| *Station* | *Installed Capacity* | *Allocation* | |
|---|---|---|---|
| | | *%* | *MW* |
| CGS in Southern Region | | | |
| NTPC Ramagundam | 2100 | 14.7 | 308.7 |
| NLC Stage I | 630 | 11.5 | 72.5 |
| NLC Stage II | 840 | 12.2 | 102.6 |
| NLCI Expansion | 420 | 14.0 | 58.8 |
| NPC MAPS | 340 | 6.2 | 21.1 |
| NPC Kaiga | 440 | 13.0 | 57.2 |
| Talcher Stage 2 (U #3) | 500 | 17.4 | 87.0 |
| Eastern Region | | | |
| Farakka | 1600 | 1.5 | 24.5 |
| Kahaalgaon | 840 | 4.5 | 37.5 |
| Talcher-I | 1000 | 1.1 | 11.1 |
| Central Sector Total | | | 780.8 |
| IPP (Kerala) | | | |
| Kayamkulam | 350 | 50.0 | 175.0 |
| BSES | 157 | 100.0 | 157.0 |
| KPCL | 20 | 100.0 | 20.0 |
| IPP Total | .. | .. | 352.0 |
| Total | | | 1132.8 |

Talcher Stage 2 U # 4 on trial operation.

LIBRARY ARCHIVES Kerala Legislative Assembly